# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 457
# 29.11.2018 ലെ മറുപടിക്ക്

## എൽ.എ.സി.എ.ഡി.എസ്.

| ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ് | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ. മാരുടെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയായ എൽ.എ.സി.എ.ഡി.എസ്- ൽ ഒരു പദ്ധതിക്ക് പണം അനുവദിച്ച് ഭരണാനുമതിക്കു ശേഷം അവശേഷിക്കുന്ന തുകയ്ക്ക് വീണ്ടും നിർദ്ദേശം നൽകാൻ കഴിയാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS) യിൻ കീഴിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ അന്തിമ ബില്ല് പ്രകാരം അനുവദിച്ച തുകയ്ക്ക് ശേഷം ഭരണാനുമതി തുകയിൽ അവശേഷിക്കുന്ന തുകയ്ക്ക് പുതിയ ശിപാർശകൾ സമർപ്പിക്കാൻ വ്യവസ്ഥയില്ല. എന്നാൽ 04/08/2018 ലെ സ.ഉ.(അച്ചടി) നം. 119/2018/ധന യുടെ ഖണ്ഡിക 2.8 പ്രകാരം ഒരു സാമ്പത്തിക വർഷം നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് അടുത്ത സാമ്പത്തിക വർഷത്തിൽ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്കായി വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഒരു സാമ്പത്തിക വർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടേയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കുന്നതാണ്. ഇതിന് 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യമുണ്ട്. അതായത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18 ന കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2018-19 ന കീഴിൽ പ്രവൃത്തികൾ ശിപാർശ ചെയ്യുമ്പോൾ പ്രയോജനപ്പെടുത്താവുന്നതാണ്. |
| (ബി) | ഇത് പരിഹരിക്കുന്നതിനായി ഭരണാനുമതിക്കും അന്തിമ ബില്ലിനും ശേഷം അവശേഷിക്കുന്ന തുകയ്ക്ക് എം.എൽ.എ. മാർക്ക് പ്രൊപ്പോസൽ നൽകാൻ നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ